"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ഡോ.ബീന സി, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ- പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.797/2025/LBR തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:- 1. 30.04.2024 ലെ സ.ഉ(സാധാ)നം.541/2024/തൊഴിൽ

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 15.05.2025 ലെ GE06/B/1037069/102 നമ്പർ കത്ത്.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 02.06.2025-ലെ ഇ1-1610/2025/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് 30.04.2024 പൂർവാഹ്നം ചാർജെടുത്ത ഡോ.ബീന. സി-യുടെ പ്രൊബേഷൻ കാലയളവ് 29.10.2024 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ടിയാൻ പ്രൊബേഷൻ കാലയളവിൽ 12 ദിവസത്തെ പരിവർത്തിതാവാധി എടുത്തിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം അക്കൗണ്ടൻ്റ് ജനറൽ (എ&ഇ) അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രൊബേഷൻ കാലയളവ് 10.11.2024 വരെ ദീർഘിച്ചിട്ടുണ്ട്. ഡോ.ബീന.സി യുടെ പ്രസ്തുത കാലയളവിലെ പ്രവൃത്തിയും സ്വഭാവവും തൃപ്തികരമാണെന്നും ആയതിനാൽ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 11.11.2024 പ്രാബല്യത്തിൽ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പട്ടത്താനം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ബീന സി-യുടെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 11.11.2024 പൂർവാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം
ഡോ.ബീന സി, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 02-07-2025 15:03:36
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.